## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനകാര്യം - ഹെഡ് നഴ്സ് സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി പ്രസന്നകുമാരി.കെ.വി.യ്ക്ക് തെറ്റായി രണ്ട് സ്ഥാനങ്ങൾ നൽകിയിരുന്നത് -തെറ്റായ സ്ഥാനം റദ്ദ് ചെയ്ത്, അർഹമായ സ്ഥാനത്ത് നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. നോട്ടീസ് നമ്പർ ജെ3/10198/2016/ഡി.എം.ഇ. തീയതി 30/3/2019
2. ഉത്തരവ് നമ്പർ ജെ2/6159/2011/മെ.വി.വ. തീയതി 28.3.2011
3. ഉത്തരവ് നമ്പർ ജെ3/21564/2011/മെ.വിവ. തീയതി 30.12.2011
4. ഉത്തരവ് നമ്പർ ജെ2/27935/2012/മെ.വി.വ. തീയതി 1.11.2013
5. ഉത്തരവ് നമ്പർ ജെ3/24306/2013/മെ.വി.വ. തീയതി 13.11.2013
6. ഉത്തരവ് നമ്പർ ജെ3/10198/2016/മെ.വി.വ. തീയതി 20.3.2017
7. ജി.എം.സി.കെ.റ്റി.എം/1074/2019/ഇ7 തീയതി 20.3.2019

### ഉത്തരവ് നമ്പർ ജെ3 /10198/2016/മെ.വി.വ. തീയതി: 17/4/2019

1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 31.8.2016 വരെയുള്ള ഹെഡ് നഴ്സുമാരുടെ മുൻഗണന പട്ടിക പരാമർശം (5) ഉത്തരവ് മുഖേന പ്രസിദ്ധീകരിച്ചിരുന്നു. ടി മുൻഗണന പട്ടികയിൽ കോട്ടയം മെഡിക്കൽ കോളേജിലെ ഹെഡ് നഴ്സായ ശ്രീമതി പ്രസന്നകുമാരി.കെ.വി.യ്ക്ക് 178, 281 എന്നീ രണ്ട് സ്ഥാനങ്ങൾ മുൻഗണന പട്ടികയിൽ നൽകിയിട്ടുണ്ടെന്നും 281 എന്ന സ്ഥാനത്തിനാണ് ടിയാരി അർഹയായിട്ടുള്ളതെന്നും, 178 എന്ന സ്ഥാനം റദ്ദ് ചെയ്യണമെന്നും കാണിച്ച് കോട്ടയം മെഡിക്കൽ കോളേജിലെ ഹെഡ് നഴ്സുമാർ കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ മുഖാന്തിരം പരാതി സമർപ്പിച്ചിരുന്നു.

2. പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനയിൽ പരാമർശം (5) ഉത്തരവ് മുഖേനയുള്ള മുൻഗണന പട്ടികയിൽ ശ്രീമതി പ്രസന്നകുമാരി.കെ.വി.യ്ക്ക് തെറ്റായി 178, 281 എന്നീ രണ്ട് സ്ഥാനങ്ങൾ നൽകിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

3. ദ്വിഭരണ സംവിധാനം അവസാനിച്ചതിനെത്തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ഓപ്ഷൻ നൽകി വന്നിട്ടുള്ള ഗ്രേഡ്-I സ്റ്റാഫ് നഴ്സുമാരുടെ മുൻഗണന പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിക്കുകയും പ്രസ്തുത പട്ടികയിൽ ശ്രീമതി പ്രസന്നകുമാരി.കെ.വി.യ്ക്ക് ടിയാരിയുടെ അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവിന് മുൻപുള്ള സീനിയോറിറ്റി കൂടി പരിഗണിച്ച് 71 എന്ന സ്ഥാനം നൽകുകയും അതിൻ പ്രകാരം 30.12.2011 പ്രാബല്യത്തിൽ ടിയാരിക്ക് ഹെഡ് നഴ്സായി സ്ഥാനക്കയറ്റം നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2), (3) ഉത്തരവുകൾക്കെതിരെ വ്യാപകമായ പരാതികൾ ലഭിക്കുകയും സർക്കാരിന്റെ അനുമതിയോടെ പരാമർശം (2) മുൻഗണന പട്ടിക റദ്ദ് ചെയ്യുകയും പരാമർശം (4) ഉത്തരവ് പ്രകാരം 28/2/2011 വരെയുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഗ്രേഡ്-I സ്റ്റാഫ് നഴ്സുമാരുടെ മുൻഗണന പട്ടിക പുന:പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പട്ടികയിൽ ശ്രീമതി പ്രസന്നകുമാരി.കെ.വി.യ്ക്ക് 188 എന്ന സ്ഥാനമാണ് നൽകിയിട്ടുള്ളത് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി മുൻഗണന പട്ടികയുടെ അടിസ്ഥാനത്തിൽ ടിയാരിയുടെ 30.12.2011 പ്രാബല്യത്തിൽ നൽകിയ സ്ഥാനക്കയറ്റം പുന:പരിശോധിക്കുകയും പുതുക്കിയ മുൻഗണന പട്ടികയിലെ സ്ഥാനത്തിനനുസരിച്ച് 13/11/2013 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി പരാമർശം (5) പ്രകാരം ഉത്തരവായിട്ടുണ്ട്.

4. അപ്രകാരം ശ്രീമതി പ്രസന്നകുമാരി.കെ.വി.യ്ക്ക് 13/11/2013 പ്രാബല്യം മുതൽ മാത്രമേ ഹെഡ് നഴ്സ് മുൻഗണന പട്ടികയിൽ ഉൾപ്പെടാൻ അർഹതയുള്ളൂവെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ടിയാരിക്ക് ഹെഡ്

Scanned by CamScanner

നഴ്സ് തസ്തികയിൽ തെറ്റായി നൽകിയിരുന്ന 178 എന്ന സ്ഥാനം നിലനിർത്തുവാനും ചെയ്യുവാനും 281 എന്ന ശരിയായ സ്ഥാനത്ത് നിലനിർത്തുവാനും താത്കാലികമായി തീരുമാനിച്ച് പരാമർശം (1) പ്രകാരം നോട്ടീസ് പുറപ്പെടുവിക്കുകയും പരാതികൾ സമർപ്പിക്കുവാൻ 10 ദിവസത്തെ സമയം അനുവദിക്കുകയും ചെയ്തിരുന്നു.

5. ശ്രീമതി പ്രസന്നകുമാരി.കെ.വി. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് മുഖാന്തിരം പരാതി സമർപ്പിക്കുകയും ടിയാരിക്ക് 30.12.2011 പ്രാബല്യത്തിൽ ഹെഡ് നഴ്സ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതിനാൽ അന്നേ തീയതി പ്രാബല്യത്തിൽ മുൻഗണന പട്ടികയിൽ സ്ഥാനം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 30.12.2011 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് പുന:പരിശോധിച്ച് 13.11.2013 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതിനാൽ ടിയാരിയുടെ പരാതിയിൽ കഴമ്പില്ലാത്തതായി കണക്കാക്കിയും, ടിയാരിയ്ക്ക് പരാമർശം (6) പ്രകാരം പ്രസിദ്ധീകരിച്ച ഹെഡ് നഴ്സ് മുൻഗണന പട്ടികയിൽ തെറ്റായി നൽകിയിരുന്ന 178 എന്ന സ്ഥാനം റദ്ദ് ചെയ്യാനും 281 എന്ന സ്ഥാനത്ത് നിലനിർത്താനും അന്തിമമായി തീരുമാനിച്ച് ഉത്തരവാകുന്നു. പരാമർശം (6) ഹെഡ് നഴ്സുമാരുടെ അന്തിമ മുൻഗണന പട്ടികയിൽ, കോട്ടയം മെഡിക്കൽ കോളേജിലെ ഹെഡ് നഴ്സ് ശ്രീമതി പ്രസന്നകുമാരി.കെ.വി.യുടെ സ്ഥാനം ചുവടെ വിവരിക്കുന്ന പ്രകാരമായിരിക്കും.

| Head Nurse Rank No. | Name | Staff Nurse Gr.I Rank NO. | Date of birth | Date of order of promotion to the post of Head Nurse | Date of joining as Head Nurse | Institution |
|---|---|---|---|---|---|---|
| 281 | Prasannakumary.K.V | 188 | 2.2.1967 | 13.11.2013 | 13.11.2013 | MCH, Kottayam |

ഒപ്പ്/-
ഡോ.റംലാബീവി
ഡയറക്ടർ

...ധീകർത്താവ്,

1. ശ്രീമതി പ്രസന്നകുമാരി.കെ.വി., ഹെഡ് നഴ്സ്, മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
2. എല്ലാ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാരും ആശുപത്രി സൂപ്രണ്ടുമാരും
3. ഡി.പി.സി. സെക്ഷൻ
4. വെബ്സൈറ്റ് www.dmekerala.gov.in

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂ...

.../24.4.2019

Scanned by CamScanner